# കേരള സർക്കാർ
## സംഗ്രഹം

സഹകരണവകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.01.2018 മുതലും 01.07.2018 മുതലും പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സഹകരണ (സി) വകുപ്പ്**

**സ.ഉ.(സാധാ)നം.271/2019/സഹ.** **തീയതി, തിരുവനന്തപുരം, 17.04.2019.**

---

പരാമർശം:- 1) 10.05.2011 ലെ സ.ഉ.(കൈ) നം. 75/2011/സഹ നമ്പർ ഉത്തരവ്.

2) 04.07.2018 ലെ സ.ഉ.(സാധാ) നം. 405/2018/സഹ നമ്പർ ഉത്തരവ്.

3) 04.04.2019 ലെ സ.ഉ.(പി) നം. 44/2019/ഫിൻ നമ്പർ ഉത്തരവ്.

4) സഹകരണ സംഘം രജിസ്ട്രാറുടെ 12/04/2019-ലെ ഇ.എം.4)13380/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത അനുവദിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) മേൽ പരാമർശം (3) ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01.01.2018 മുതൽ 2% ക്ഷാമബത്തയും 01.07.2018 മുതൽ 3% ക്ഷാമബത്തയും അനുവദിച്ച് ഉത്തരവായിരുന്നു. 01.07.2014-ൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ക്ഷാമബത്ത ലയിപ്പിച്ച അടിസ്ഥാന ശമ്പളത്തിനാണ് 01.01.2018

മുതൽ 2% ഉം 01.07.2018 മുതൽ 3% ഉം ക്ഷാമബത്ത പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ സഹകരണ സംഘം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം മുൻ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 24% ക്ഷാമബത്തയും നിലവിലുള്ള ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 40% ക്ഷാമബത്തയും ലയിപ്പിച്ചാണ് ശമ്പളം പരിഷ്കരിച്ചിരുന്നത്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആയതിന് ആനുപാതികമായ ക്ഷാമബത്തയ്ക്കാണ് അർഹതയുള്ളത്.

3) പരാമർശം (3) ഉത്തരവ് പ്രകാരം മുൻ പ്രി റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാർക്ക് 01.01.2018 മുതൽ 274% ഉം 01.07.2018 മുതൽ 284% ഉം ക്ഷാമബത്തയ്ക്കാണ് അർഹതയുള്ളത്. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ അവസാനത്തെ രണ്ട് ശമ്പള പരിഷ്കരണങ്ങളും പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് 01.01.2018 മുതൽ 274% ഉം 01.07.2018 മുതൽ 284% ഉം ക്ഷാമബത്തയ്ക്ക് അർഹതയുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മുൻ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 24% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ചാണ് ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ശമ്പളസ്കെയിലിൽ തുടരുന്ന സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 01.01.2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത 202% ((274-24)x100/124=201.6=202) ഉം 01.07.2018 മുതൽ 210% ((284-24)x100/124=209.6=210) ഉം ആണ്. ടിയാളുകൾ ഇപ്പോൾ വാങ്ങിവരുന്നത് 197% ക്ഷാമബത്ത ആണ്. ആയതിനാൽ പ്രീ റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാർക്ക് 01.01.2018 മുതൽ 5% ഉം 01.07.2018 മുതൽ 8% ഉം ക്ഷാമബത്തയ്ക്കാണ് അർഹതയുള്ളത്.

4) നിലവിലുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കിയ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയപ്പോൾ 01.04.2009-ൽ അടിസ്ഥാന ശമ്പളത്തോടൊപ്പം 24% ക്ഷാമബത്ത ലയിപ്പിക്കുകയും 01.04.2014-ലെ ശമ്പള പരിഷ്കരണത്തിൽ ടി ക്ഷാമബത്ത കൂടി ലയിപ്പിച്ചിട്ടുള്ള അടിസ്ഥാന ശമ്പളത്തിന്റെ 40% ക്ഷാമബത്ത ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ആകെ ലയിപ്പിച്ച ക്ഷാമബത്ത 73.6% (24+(124x40/100)=24+49.6=73.6) ആണ്. പരാമർശം (3) ഉത്തരവ് പ്രകാരം നിലവിൽ ക്ഷാമബത്ത 284% ആണ്. അതിൽ ആകെ ലയിപ്പിച്ചത് 73.6% ആയതിനാൽ ടി ജീവനക്കാർക്ക് അർഹതയുള്ള ക്ഷാമബത്ത 01.01.2018 മുതൽ 115% ((274-73.6)x100/173.6=115.4=115) ഉം 01.07.2018 മുതൽ 121% ((284-73.6)x100/173.6=121) ഉം ആണ്. ടി ജീവനക്കാർ ഇപ്പോൾ 112% ക്ഷാമബത്തയാണ് വാങ്ങിവരുന്നതെന്നും ഇവർക്ക് 01.01.2018 മുതൽ 3% ഉം 01.07.2018 മുതൽ 6% ഉം അധിക ക്ഷാമബത്തയ്ക്ക് അർഹതയുണ്ടെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (4) കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു:-

<u>നിലവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ള ജീവനക്കാർക്ക്</u>

| പ്രാബല്യത്തീയതി | 01/01/2018 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01/01/2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിക്കുന്ന ക്ഷാമബത്ത |
|---|---|---|---|
| 01/01/2018 | 112% | 3% | 115% |
| പ്രാബല്യത്തീയതി | 01/07/2018 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01/07/2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിക്കുന്ന ക്ഷാമബത്ത |
| 01/07/2018 | 115% | 6% | 121% |

<u>നിലവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ലാത്ത ജീവനക്കാർക്ക്</u>

| പ്രാബല്യത്തീയതി | 01/01/2018 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01/01/2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിക്കുന്ന ക്ഷാമബത്ത |
|---|---|---|---|
| 01/01/2018 | 197% | 5% | 202% |
| പ്രാബല്യത്തീയതി | 01/07/2018 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01/07/2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിക്കുന്ന ക്ഷാമബത്ത |
| 01/07/2018 | 202% | 8% | 210% |

മേൽ രണ്ട് വിഭാഗങ്ങളിലും പെടാത്ത ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01/01/2018 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01/01/2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിക്കുന്ന ക്ഷാമബത്ത |
|---|---|---|---|
| 01/01/2018 | 268% | 6% | 274% |
| പ്രാബല്യത്തീയതി | 01/07/2018 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01/07/2018 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിക്കുന്ന ക്ഷാമബത്ത |
| 01/07/2018 | 274% | 10% | 284% |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ വി.എസ്.**
**അഡീഷണൽ സെക്രട്ടറി.**

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
6. സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾക്ക്.
7. വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ